**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ പരിധിയിൽ പേരാമ്പ്ര വില്ലേജിൽ സർവ്വേ നമ്പർ 423- ൽ ഉൾപ്പെട്ട 60 സെന്റ് (24.30 ആർ) സ്ഥലം ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിനും പാർക്കിംഗ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾക്കുമായി ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുന്നതിന് ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.136/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 12/07/2021

പരാമർശം :-1) ചാലക്കുടി നഗരസഭാ കൗൺസിലിന്റെ 30/12/2016- ലെ 3-ാം നമ്പർ തീരുമാനം.

2) ചാലക്കുടി നഗരസഭാ കൗൺസിലിന്റെ 31/05/2018-ലെ 9-ാം നമ്പർ തീരുമാനം.

3) ചാലക്കുടി നഗരസഭാ കൗൺസിലിന്റെ 26/12/2018 - ലെ 1-ാം നമ്പർ തീരുമാനം.

4) ചാലക്കുടി നഗരസഭാ കൗൺസിലിന്റെ 20/01/2020- ലെ 21-ാം നമ്പർ തീരുമാനം.

5) ചാലക്കുടി നഗരസഭാ സെക്രട്ടറിയുടെ 20/01/2021- ലെ ആർ3/17639/18 നമ്പർ കത്ത്

6) നഗരകാര്യ ഡയറക്ടറുടെ 07/06/2021 ലെ G3 16871/2018 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ ( ഭാരതീയ ചികിത്സാ വകുപ്പ് ) അപേക്ഷയുടെ അടിസ്ഥാനത്തിൽ ചാലക്കുടി നഗരസഭാ പരിധിയിൽ പദ്മഭൂഷൺ രാഘവൻ തിരുമുൽപ്പാടിന്റെ സ്മരണാർത്ഥമുള്ള ആയുർവേദ ആശുപത്രി നിർമ്മാണത്തിന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള പേരാമ്പ്ര വില്ലേജ് പരിധിയിൽ സർവ്വേ നമ്പർ 423- ൽ പ്പെട്ട 50 സെന്റ് സ്ഥലം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമെടുത്തു. 3 വർഷത്തിനുള്ളിൽ നിർദ്ദിഷ്ട ആയുർവേദ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാത്ത പക്ഷം നഗരസഭയ്ക്ക് പ്രസ്തുത സ്ഥലം പുനർനിക്ഷിപ്തമാക്കുമെന്ന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയുണ്ടായി . തുടർന്ന്, ആശുപത്രിയ്ക്ക് പാർക്കിംഗ് സൗകര്യത്തിനായി 10 സെന്റ് സ്ഥലം കൂടി അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം തീരുമാനം എടുത്തു. നഗരസഭാ കൗൺസിൽ തീരുമാനങ്ങൾ അടങ്ങിയ പ്രൊപ്പോസൽ പരാമർശം (6) പ്രകാരം സർക്കാർ അനുമതിയ്ക്കായി നഗരകാര്യ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

2) നിർദ്ദിഷ്ട ആശുപത്രിയ്ക്കായി കൈമാറുവാൻ കണ്ടെത്തിയ ഭൂമി നഗരസഭയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനായി വാങ്ങിയതാണെങ്കിലും ഇതേ ആവശ്യത്തിനായി വ്യവസായ വകുപ്പിന്റെ 4 ഏക്കർ സ്ഥലം വിട്ടുകിട്ടിയിട്ടുള്ളതും 4 കോടി രൂപ ചെലവിൽ പാർക്ക് നിർമ്മാണം ഭാഗികമായി

പൂർത്തികരിച്ചിട്ടുള്ളതായതിനാൽ കൈമാറ്റം ചെയ്യുവാനായി കണ്ടെത്തിയ ഭൂമി പാർക്ക് നിർമ്മിക്കുന്നതിന് ആവശ്യമില്ലാത്ത സാഹചര്യത്തിൽ, ടി സ്ഥലം നിബന്ധനകളോടെ സൗജന്യമായി ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുന്നതിന് പരാമർശം (4) പ്രകാരം കൗൺസിൽ തീരുമാനിച്ചിട്ടുള്ളതായി പരാമർശം (5) പ്രകാരം നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതീയ ചികിത്സാ വകുപ്പിനു കൈമാറാൻ ഉദ്ദേശിക്കുന്ന ഭൂമി ചാലക്കുടി മുനിസിപ്പാലിറ്റി സ്വന്തമായി ആർജ്ജിച്ച ഭൂമിയാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ ഭൂമി അല്ല. പ്രസ്തുത സാഹചര്യത്തിൽ, പരാമർശം (1) മുതൽ (4) വരെയുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 215(1), 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങളിലെ 3-ാം ചട്ടം എന്നിവ പ്രകാരം പദ്മഭൂഷൺ രാഘവൻ തിരുമുൽപ്പാടിന്റെ സ്മരണാർത്ഥമുള്ള ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിനും ടി ആശുപത്രിയുടെ പാർക്കിംഗ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾക്കുമായി തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, ചാലക്കുടി ബ്ലോക്കിൽ സർവ്വെ നം . 422/3, 423/2, 423/3, 423/4 നമ്പറുകളിൽ ഉൾപ്പെട്ട 60 സെന്റ് ഭൂമി (24.30 ആർ) സ്ഥലം ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുന്നതിന് ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന.ആർ.പി**

**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചാലക്കുടി നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- I /ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ആയുഷ് വകുപ്പ് (അറിവിലേയ്ക്കായി)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (അറിവിലേയ്ക്കായി)
റവന്യൂ വകുപ്പ് (എൽ3/59/2021-റവ dt. 30.3.2021 പ്രകാരം)
നിയമ വകുപ്പ് (9651/ലെഗ്.സി1/2021/നിയമം dt. 02.07.2021 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ആർ.സി1/256/2019/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Bindu

സെക്ഷൻ ഓഫീസർ